**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ദ്രുത പ്രതികരണ സേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദ്രുത പ്രതികരണ സേനയുടെ (ആർ.ആർ.റ്റി.) പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പതിവായി പെരാമ്പുലേഷൻ നടത്തുക, ബാരിയറുകളുടെ അവസ്ഥ പരിശോധിച്ച് രണ്ടാഴ്ചയിലൊരിക്കൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്/ വൈൽഡ് ലൈഫ് വാർഡന് റിപ്പോർട്ട് സമർപ്പിക്കുക, Early Warning System എന്ന സംവിധാനം ഉപയോഗിച്ച് പ്രശ്നക്കാരായ മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുകയും പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുക, പരിക്കേറ്റതോ ഉപേക്ഷിക്കപ്പെട്ടതോ ആയ മൃഗങ്ങളുടെ രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും നടത്തുക, പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു ന്നതുവരെ റെയിഞ്ച ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രശ്നബാധിത പ്രദേശത്ത് ക്യാമ്പ് ചെയ്യുക, ചീഫ വൈൽഡ്ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം വന്യമൃഗങ്ങൾക്ക് റേഡിയോ കോളർ ഘടിപ്പിക്കുന്നതിനും, അവയെ മാറ്റി പാർപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്ത നങ്ങൾക്ക് വെറ്ററിനറി ഡോക്ടർമാരുടെ സേവനങ്ങളോട് സഹകരിക്കുക, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ പോലീസുകാരെ സജ്ജീകരിക്കുക, ജനജാഗ്രതാസമിതി യുടെ പ്രവർത്തനം ഏകോപിപ്പിക്കുക, വന്യജീവി ആക്രമണത്തിന്റെ നഷ്ടപരി ഹാരത്തിന് വേണ്ടിയുള്ള അപേക്ഷകൾ പരിശോധിക്കുക, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം ക്യാമ്പ് ചെയ്യുക. |
| (ബി) | എവിടെയെല്ലാമാണ് ദ്രുത പ്രതികരണ സേന രൂപീകരിച്ചിട്ടുള്ളതെന്നും ഓരോ ടീമിലേയ്ക്കും എത്ര | (ബി) | സർക്കാർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ദ്രുതകർമ്മസേനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | സ്റ്റാഫിനെ വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | | സ.ഉ. (സാധാ) നം. 408/2011/വനം തീയതി 16.09.2011 പ്രകാരം നിലമ്പൂർ, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി എന്നീ വനമേഖലകളിൽ രൂപീകരിച്ച ദ്രുതകർമ്മസേനകളിൽ, സ.ഉ.(എം.എസ്.)നം. 60/2011/വനം തീയതി 22./12/2011 പ്രകാരം 5 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 10 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 20 ബീറ്റ് ഫോറസ്റ്റ് ഓഫീസർ, 10 ഡ്രൈവർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br><br>ജി.ഒ. (എം.എസ്) നം. 7/2012/വനം തീയതി 15/02/2012 പ്രകാരം കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നീ വനമേഖലകളിൽ ദ്രുതകർമ്മസേനകൾ രൂപീകരിക്കുകയും, 1 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 4 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 12 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നീ തസ്തികകൾ അനുവദിക്കുകയും ചെയ്തു.<br><br>സ.ഉ. (കൈ) നം. 23/2024/വനം തീയതി 31/05/2024 പ്രകാരം, തിരുവനന്തപുരം, പുനലൂർ, കോട്ടയം, മാങ്കുളം, കോതമംഗലം, ചാലക്കുടി, നെന്മാറ, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ ദ്രുതകർമ്മസേനകൾ രൂപീകരിക്കുകയും, മേൽ ദ്രുതകർമ്മ സേനകളുടെ നടത്തിപ്പിനായി 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 9 ഫോറസ്റ്റ് ഡ്രൈവർ, 9 പാർട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ പാലോട് കേന്ദ്രമാക്കി ആർ.ആർ.റ്റി. രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ടീമിലേയ്ക്ക് അനുവദിച്ചിട്ടുള്ള സ്റ്റാഫുകളുടെ എണ്ണവും 2023-2024 വർഷം എത്ര വന്യജീവികളെ റസ്ക്യൂ ചെയ്തിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ; | (സി) | തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ പാലോട് റെയിഞ്ച് കേന്ദ്രമായി ഒരു ആർ.ആർ.റ്റി രൂപീകരിച്ചി ട്ടുണ്ട്. ടി പാലോട് ആർ.ആർ.റ്റി.യിൽ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു ഫോറസ്റ്റ് ഡ്രൈവർ, ഒരു പി.റ്റി.എസ്. എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 31/05/2024-ൽ സ.ഉ. (കൈ) നം.23/2024/വനം നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ റസ്ക്യൂ ചെയ്ത വന്യജീവികൾ - 701. |
| (ഡി) | കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ആർ. ആർ. റ്റി. യുടെ സേവനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കു ന്നതിനായി നിലവിലെ ആർആർ.റ്റി.കൾ ശക്തിപ്പെടുത്തുന്നതിനും പുതുതായി 13 ആർ.ആർ.റ്റി.കൾ രൂപീകരിക്കുന്നതിനും ആയതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കും, തസ്തികൾ സൃഷ്ടിക്കുന്ന തിനുമായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) വിശദമായ ശിപാർശ സമർപ്പിച്ചിരുന്നു. ആയതിൽ 9 ആർ.ആർ.റ്റി.കൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ